# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1367** **12.03.2015 - ൽ മറുപടിക്ക്**

## മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ചിരുന്ന മഞ്ഞനക്കാട് പാലത്തിന്റെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ; | (എ) മഞ്ഞനക്കാട് പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ ആവശ്യാനുസരണം ഫുട്ബ്രിഡ്ജ് മാറ്റി ഗതാഗത സൗകര്യമുള്ള പാലം നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റിന്റെ തുക ഏകദേശം 4 കോടി രൂപയാണ്. എന്നാൽ ഭരണാനുമതി നൽകിയത് 2 കോടി രൂപയ്ക്കാണ്. ആവശ്യമായ തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കിട്ടിയ തീയതി എന്നെന്നും അതിനുശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതൊക്കെ തീയതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ; | (ബി) & (സി) 08.11.2012 - ലാണ് ഭരണാനുമതി നൽകിയത്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ഔട്ട് സോഴ്സ് ചെയ്ത് രൂപകൽപന ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ രൂപകൽപന ലഭിച്ച ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അധിക തുകയ്ക്ക് ഭരണാനുമതി ലഭ്യമായതിനുശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കാനാകൂ. |
| (സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ